# കേരള നിയമസഭ
# 10.04.2013-ലെ മറുപടിക്ക്

ഭക്ഷ്യോല്പാദനം വർദ്ധിപ്പിക്കുവാൻ കർമ്മ പരിപാടി

3579 ശ്രീ. റ്റി. എൻ. പ്രതാപൻ
,, ബെന്നി ബെഹനാൻ
,, ഡൊമിനിക് പ്രസന്റേഷൻ
,, വി. ഡി. സതീശൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാർഷിക ഉൽപ്പാദനക്ഷമതയിലൂടെ ഭക്ഷ്യോൽപ്പാദനം വർദ്ധിപ്പിക്കുവാൻ എന്തെല്ലാം കർമ്മപരിപാടികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ബി) ഇതിനായി കൃഷിയെ സുസ്ഥിരവും വിജയകരവുമായ ഒരു സംരംഭമാക്കി മാറ്റുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഏതെല്ലാം ഭക്ഷ്യോൽപ്പന്നങ്ങളാണ് ഭക്ഷ്യസ്വയം പര്യാപ്തതയ്ക്ക് വേണ്ടി ഉൽപ്പാദിപ്പിക്കാൻ ലക്ഷ്യമിട്ടിട്ടുള്ളത്; വിശദമാക്കുമോ;

(ഡി) ഇതിനായി ഏതെല്ലാം ഏജൻസികളെയാണ് സഹകരിപ്പിക്കാൻ ലക്ഷ്യമിട്ടിട്ടുള്ളത്; വിശദമാക്കുമോ?

# കേരള നിയമസഭ
## 10.04.2013-ലെ മറുപടിക്ക്

കാർഷിക വിപണനം ശക്തിപ്പെടുത്താൻ പദ്ധതി

3580 ശ്രീ. പി. എ. മാധവൻ
,, ഷാഫി പറമ്പിൽ
,, സി. പി. മുഹമ്മദ്
,, എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാർഷിക വിപണനം ശക്തിപ്പെടുത്തുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഏതെല്ലാം ഏജൻസികളുടെ സഹകരണത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

# കേരള നിയമസഭ
# 10.04.2013-ലെ മറുപടിക്ക്

<u>സംയോജിത കാർഷിക വികസന പദ്ധതി</u>

3581 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യസുരക്ഷ ലക്ഷ്യമാക്കി നടപ്പാകുമെന്ന് പ്രഖ്യാപിച്ച സംയോജിത കാർഷിക വികസന പദ്ധതിയ്ക്കായി ബജറ്റിൽ വകയിരുത്തിയ 100 കോടി രൂപയിൽ നെൽകൃഷി, പച്ചക്കറി കിഴങ്ങുവർഗ്ഗങ്ങൾ, ധാന്യം എന്നിവയുടെ ഉദ്പാദന വർദ്ധനവിനായി ഓരോ വിഭാഗങ്ങൾക്കും ഏത്ര തുക വീതമായി വകയിരുത്തിയെന്നും ഇവ ഓരോന്നിനും എത്ര തുക വീതം ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ;

(ബി) ഈ പദ്ധതിയിൻ കീഴിൽ എന്തെല്ലാം പരിപാടികളാണ് നടപ്പിലാക്കിയതെന്ന് വിശദീകരിക്കാമോ?

# കേരള നിയമസഭ
# 10.04.2013-ലെ മറുപടിക്ക്

<u>കൃഷിവകുപ്പുമായി ബന്ധപ്പെട്ട കേന്ദ്രാവിഷ്കൃത പദ്ധതികൾ</u>

3582 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര നിയോജക മണ്ഡലത്തിൽ കൃഷി വകുപ്പുമായി ബന്ധപ്പെട്ട കേന്ദ്രാവിഷ്കൃത പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികളുടെ പഞ്ചായത്ത് തിരിച്ചുള്ള നിലവിലെ സ്ഥിതി എന്താണെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 10.04.2013-ലെ മറുപടിക്ക്

<u>കർഷക കടാശ്വാസ കമ്മീഷൻ</u>

3583 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കർഷക കടാശ്വാസ കമ്മീഷൻ മുഖേന 2012-13 വർഷത്തിൽ എത്ര കർഷകർക്ക് ആനുകൂല്യങ്ങൾ നൽകിയെന്നുള്ള വിവരം നൽകുമോ;

(ബി) ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 10.04.2013-ലെ മറുപടിക്ക്

<u>കർഷക കടാശ്വാസ കമ്മീഷൻ</u>

3584 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യത്തിന്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

2012-13 സാമ്പത്തിക വർഷം കർഷക കടാശ്വാസ കമ്മീഷൻ എത്ര തുകയാണ് എഴുതിത്തള്ളിയത്; ഏതുവർഷം വരെ വായ്പയെടുത്തവരുടെ കടങ്ങളാണ് എഴുതിത്തള്ളിയത്; വിശദാംശം നൽകുമോ ?

# കേരള നിയമസഭ
## 10.04.2013-ലെ മറുപടിക്ക്

<u>സമഗ്ര കാർഷിക ഇൻഷ്വറൻസ് പദ്ധതി</u>

3585 ഡോ. ടി. എം. തോമസ് ഐസക്
ശ്രീമതി പി. അയിഷാ പോറ്റി
ശ്രീ. സാജു പോൾ
,, എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ രണ്ടു സാമ്പത്തിക വർഷങ്ങളിൽ സമഗ്ര കാർഷിക ഇൻഷ്വറൻസ് പദ്ധതിയുടെ ഗുണഫലം ഏതെങ്കിലും കൃഷിക്കാരന് ലഭിക്കുകയുണ്ടായോ; എങ്കിൽ വിശദമാക്കുമോ;

(ബി) കഴിഞ്ഞ രണ്ടു വർഷം പദ്ധതിക്കു വേണ്ടി ഖജനാവിൽ നിന്നും എന്തു തുക ചെലവഴിക്കുകയുണ്ടായി; ഏതെല്ലാം കൃഷികളെയാണ് പദ്ധതിയിലുൾപ്പെടുത്തിയത്; വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 10.04.2013-ലെ മറുപടിക്ക്

<u>'വരുമാനഭദ്രത' പദ്ധതി</u>

3586 ശ്രീ. കെ. മുരളീധരൻ
,, റ്റി. എൻ. പ്രതാപൻ
,, തേറമ്പിൽ രാമകൃഷ്ണൻ
,, കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കർഷകർക്കു സഹായം നൽകുന്നതിന് 'വരുമാനഭദ്രത' എന്ന പദ്ധതിക്കു രൂപം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഏതെല്ലാം ഏജൻസികൾ വഴിയാണ് ഇതു നടപ്പാക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 10.04.2013-ലെ മറുപടിക്ക്

<u>നീർത്തട പദ്ധതി</u>

3587 ശ്രീ. റ്റി. എൻ. പ്രതാപൻ
,, വി. ഡി. സതീശൻ
,, ജോസഫ് വാഴക്കൻ
,, ബെന്നി ബെഹനാൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നീർത്തട പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ;

(ബി) എവിടെയൊക്കെയാണ് പ്രസ്തുത പദ്ധതി നടപ്പാക്കിവരുന്നതെന്ന് വിശദമാക്കുമോ;

(സി) പദ്ധതിക്കു വേണ്ട മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) മാസ്റ്റർ പ്ലാൻ തയ്യാറാക്കി സംസ്ഥാനത്തെ എല്ലാ ചെറുകിട നാമമാത്ര കർഷകരുടെയും ഭൂമി കൃഷിയോഗ്യമാക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
# 10.04.2013-ലെ മറുപടിക്ക്

<u>കിസാൻ കാർഡ്</u>

3588

ശ്രീ. എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കിസാൻ കാർഡ് ലഭ്യമാകുന്നതിന് അപേക്ഷ നൽകേണ്ടത് ആർക്കാണ്; ആരാണ് കാർഡുകൾ വിതരണം ചെയ്യുന്നത്;

(ബി) കൃഷി ചെയ്യുന്ന സർക്കാർ ജീവനക്കാരടക്കമുള്ളവർക്ക് കിസാൻ കാർഡ് ലഭിക്കാൻ അർഹതയുണ്ടോ; വിശദവിവരം ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 10.04.2013-ലെ മറുപടിക്ക്

<u>കർഷക പെൻഷൻ</u>

3589 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൃഷിക്കാർക്കുവേണ്ടി നടപ്പാക്കുന്ന പെൻഷൻ പദ്ധതിയുടെ വിശദാംശം നൽകുമോ;

(ബി) പദ്ധതിയുടെ പുരോഗതി അറിയിക്കുമോ;

(സി) ഇതുവരെ എത്ര കർഷകർ ഇതിനായി രജിസ്റ്റർ ചെയ്തിട്ടുണ്ട്, ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ഡി) എത്ര കർഷകർക്ക് പെൻഷൻ നൽകി; വിശദാംശം ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 10.04.2013-ലെ മറുപടിക്ക്

<u>കൃഷിഭവനുകൾ</u>

3590 ശ്രീ. സി. എഫ്. തോമസ്
,, റ്റി. യു. കുരുവിള
,, മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുതുതലമുറക്ക് ഹൈടെക് കൃഷിരീതികളും പരമ്പരാഗത കൃഷിരീതികളും മനസിലാക്കി കൃഷിയിൽ ഏർപ്പെടുന്നതിനുതകും വിധം കൃഷിഭവനുകൾ വഴി കൃഷി വിജ്ഞാനബോധവൽക്കരണം നടത്തുന്നതിന് നടപടി ഉണ്ടാകുമോ;

(ബി) കൃഷിഭവനുകളുടെ പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്തി കർഷകർക്ക് കൂടുതൽ ആനുകൂല്യം ലഭ്യമാക്കുമോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 10.04.2013-ലെ മറുപടിക്ക്

<u>പലിശരഹിത കൃഷി വായ്പകൾ</u>

3591

ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പലിശരഹിത കൃഷി വായ്പകൾ എന്നുമുതൽ നൽകാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ആയത് ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ വിശദമാക്കുമോ;

(സി) നാഷണലൈസ്ഡ് ബാങ്കുകളെ കൂടാതെ സഹകരണ ബാങ്കുകളെയും ഇതിനായി തെരഞ്ഞെടുക്കുന്നുണ്ടോ; വിശദാംശം നൽകുമോ;

(ഡി) വായ്പാ കാലയളവ് നിശ്ചയിച്ചിട്ടുണ്ടോ; കാലാവധി കഴിഞ്ഞാൽ പലിശ ഈടാക്കുമോ?

# കേരള നിയമസഭ
## 10.04.2013–ലെ മറുപടിക്ക്

<u>കൃഷിവകുപ്പ് പുന:സംഘടന</u>

3592 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പ് പുന:സംഘടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇത് സംബന്ധിച്ച് ഉന്നത ഉദ്യോഗസ്ഥരും സർവ്വീസ് സംഘടനാ പ്രതിനിധികളും പങ്കെടുത്ത് ചർച്ചകൾ നടത്തിയിട്ടുണ്ടോ; എങ്കിൽ ഏതു തീയതിയിൽ; എവിടെ വെച്ച് എന്ന് വ്യക്തമാക്കുമോ; ആയതിന്റെ വിശദാംശം നൽകുമോ;

(സി) വകുപ്പിന്റെ പുനസംഘടനയിലൂടെ എന്താണ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) വകുപ്പിൽ റ്റി ആന്റ് വി (ട്രാവലിങ് ആന്റ് വിസിറ്റിങ്) സമ്പ്രദായം ആവിഷ്ക്കരിച്ച് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ?

## കേരള നിയമസഭ
## 10.04.2013–ലെ മറുപടിക്ക്

<u>തീരദേശ വനവല്‍ക്കരണത്തിന് കണ്ടല്‍ കൃഷി</u>

3593 ശ്രീ. എ. കെ. ശശീന്ദ്രന്‍
'' തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കുട്ടനാട് പാക്കേജിന്റെ ഭാഗമായി കണ്ടല്‍ച്ചെടികളുടെ തൈ വച്ച്പിടിപ്പിക്കാനുള്ള പദ്ധതി എത്രത്തോളം വിജയിച്ചുവെന്ന് വെളിപ്പെടുത്താമോ;

(ബി) മത്സ്യം വളര്‍ത്താന്‍ കണ്ടല്‍ച്ചെടികള്‍ ഏറ്റവും അനുയോജ്യമായതിനാല്‍ മത്സ്യക്കൃഷിക്കാര്‍ക്ക് ഇക്കാര്യത്തില്‍ ആവശ്യമായ പരിശീലനം നല്‍കാനും കണ്ടല്‍ക്കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും ആവശ്യമായ പദ്ധതികള്‍ തയ്യാറാക്കുമോ?

# കേരള നിയമസഭ
## 10.04.2013-ലെ മറുപടിക്ക്

<u>വന്യമൃഗങ്ങളുടെ ആക്രമണം</u>

3594

ശ്രീ. ഇ. ചന്ദ്രശേഖരൻ
,, മുല്ലക്കര രത്നാകരൻ
,, ചിറ്റയം ഗോപകുമാർ
,, കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനു ശേഷം വന്യ മൃഗങ്ങളുടെ ആക്രമണത്തിൽ കർഷകർക്ക് ഉണ്ടായ നഷ്ടം ജില്ലാടിസ്ഥാനത്തിൽ വ്യക്തമാക്കാമോ;

(ബി) വന്യമൃഗ ആക്രമണങ്ങളിൽ കർഷകർ മരണപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര?

# കേരള നിയമസഭ
# 10.04.2013-ലെ മറുപടിക്ക്

<u>അഗ്രോ സർവ്വീസ് സെന്ററുകൾ</u>

3595 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എവിടെയെല്ലാമാണ് അഗ്രോ സർവ്വീസ് സെന്ററുകൾ ആരംഭിച്ചതെന്ന് വ്യക്തമാക്കുമോ;

(ബി) അഗ്രോ സർവ്വീസ് സെന്ററുകൾ ആരംഭിക്കുന്നതിനുള്ള കേന്ദ്രം തെരഞ്ഞെടുക്കുന്നതിന് കൃഷി മന്ത്രാലയം എം.എൽ.എ മാരിൽ നിന്ന് ശുപാർശ ആവശ്യപ്പെട്ടിരുന്നുവോ എന്ന് വ്യക്തമാക്കുമോ;

(സി) കൊയിലാണ്ടിയിൽ അഗ്രോ സർവ്വീസ് സെന്റർ എവിടെയാണ് ആരംഭിക്കുന്നതെന്ന് വ്യക്തമാക്കുമോ; നടപടികളുടെ പുരോഗതി വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 10.04.2013-ലെ മറുപടിക്ക്

<u>കൃഷിഭവനും ഭൂവുടമകളും ചേർന്നുള്ള കരാർ കൃഷി</u>

3596 ശ്രീ. വി. ചെന്താമരാക്ഷൻ
,, ബി. സത്യൻ
,, സി. കൃഷ്ണൻ
,, എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും ഗൃഗസംരക്ഷണവും അച്ചടിയും**
**സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൃഷിഭവനും ഭൂവുടമകളും ചേർന്നുള്ള കരാർ കൃഷി പദ്ധതിയുടെ ലക്ഷ്യവും നേട്ടവും സംബന്ധിച്ച് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ നിക്ഷേപ പ്രയോജന വിശകലനം വെളിപ്പെടുത്താമോ;

(ബി) എത്ര കൃഷി ഭവനുകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്; അവയിൽ എത്ര കൃഷി ഭവനുകൾ എത്ര ഭൂവുടമകളുമായി എത്ര കരാറുകളിൽ ഏർപ്പെടുകയുണ്ടായി എന്ന കണക്കുകൾ ലഭ്യമാക്കാമോ;

(സി) ഇതിനായി തയ്യാറാക്കപ്പെട്ട സ്കീം നടപ്പിലാക്കാൻ 2011-12, 2012-13, 2013-14 എന്നീ വർഷങ്ങളിലെ ബജറ്റ് അടങ്കലും ചെലവും സംബന്ധിച്ച് വിശദമാക്കാമോ?

# കേരള നിയമസഭ
# 10.04.2013-ലെ മറുപടിക്ക്

<u>വരൾച്ചബാധിത ധനസഹായം</u>

3597 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വരൾച്ചാബാധിത പ്രദേശമായി പ്രഖ്യാപിച്ചതിനുശേഷം ജില്ലകൾക്ക് കൃഷി വകുപ്പ് മുഖേന എത്ര കോടി രൂപയാണ് സഹായമായി അനുവദിച്ചിട്ടുള്ളത്;

(ബി) ഓരോ ജില്ലകൾക്കും നൽകിയിട്ടുള്ള തുക എത്രയാണ്; ഇതുവരെ എത്ര ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 10.04.2013–ലെ മറുപടിക്ക്

വരൾച്ച മൂലമുള്ള കൃഷിനാശം

3598 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വരൾച്ച മൂലം കൊല്ലം ജില്ലയിലെ ഏതെല്ലാം പാടശേഖരങ്ങളിൽ കൃഷിനാശം സംഭവിച്ചുവെന്ന് വിശദമാക്കുമോ;

(ബി) ഇതുമൂലം കൊല്ലം ജില്ലയിലെ നെൽകർഷകർക്ക് എത്ര കോടി രൂപയുടെ നഷ്ടം ഉണ്ടായതായാണ് കണക്കാക്കിയിട്ടുള്ളത്;

(സി) നഷ്ടം സംഭവിച്ച കർഷകർക്ക് നൽകാൻ ഉദ്ദേശിക്കുന്ന ആശ്വാസനടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 10.04.2013–ലെ മറുപടിക്ക്

ഓരുവെള്ളം കയറി കൃഷി നശിച്ച കർഷകർക്ക് ആശ്വാസ നടപടികൾ

3599 ശ്രീ.കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വരൾച്ചക്കാലത്ത് ഓരുവെള്ളം(ഉപ്പുവെള്ളം) കയറിയതുമൂലം വൈക്കം നിയോജകമണ്ഡലത്തിലെ എത്ര ഹെക്ടർ സ്ഥലത്തെ ഏതെല്ലാം വിളകൾ നശിച്ചതായി കണക്കാക്കിയിട്ടുണ്ടെന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഓരുവെള്ളം കയറി കൃഷി നശിച്ചതുമൂലം വൈക്കം നിയോജകമണ്ഡലത്തിൽ എത്ര രൂപയുടെ നഷ്ടം ഉണ്ടായതായി കണക്കാക്കിയിട്ടുണ്ടെന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കുമോ;

(സി) കൃഷി നശിച്ച കർഷകർക്ക് ഏതു രീതിയിലുള്ള ആശ്വാസ നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) ഓരുവെള്ളം കയറി കൃഷി നശിച്ച കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 10.04.2013-ലെ മറുപടിക്ക്

**വൈക്കം നിയോജക മണ്ഡലത്തിലെ കർഷകർക്ക് ആശ്വാസ നടപടികൾ**

3600

ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ വർഷം വരൾച്ച മൂലം വൈക്കം നിയോജക മണ്ഡലത്തിലെ വിവിധ പ്രദേശങ്ങളിൽ എത്ര രൂപയുടെ കൃഷി നഷ്ടം ഉണ്ടായിട്ടുണ്ടെന്നും ആയത് എത്ര ഹെക്ടർ സ്ഥലത്താണെന്നും പഞ്ചായത്തുകൾ തിരിച്ച് വ്യക്തമാക്കുമോ;

(ബി) വരൾച്ച മൂലം കൃഷിനാശം സംഭവിച്ച കർഷകർക്ക് എന്തെല്ലാം ആശ്വാസ നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) വരൾച്ച മൂലം കൃഷി നശിച്ച കർഷകർക്ക് വീണ്ടും കൃഷി ഇറക്കുന്നതിന് സൗജന്യമായി വിത്തും വളവും നൽകാനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 10.04.2013-ലെ മറുപടിക്ക്

## തിരൂര്‍ നിയോജക മണ്ഡലത്തിലെ പദ്ധതികള്‍

3601 ശ്രീ.സി. മമ്മൂട്ടി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) തിരൂര്‍ നിയോജക മണ്ഡലത്തില്‍ 2013-14 വര്‍ഷം കൃഷി വകുപ്പ് ആവിഷ്ക്കരിച്ച് നടപ്പിലാക്കാന്‍ പോകുന്ന പദ്ധതികള്‍ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) 2011-12, 2012-13 വര്‍ഷങ്ങളില്‍ തിരൂര്‍ മണ്ഡലത്തില്‍ നടപ്പിലാക്കിയ പദ്ധതികള്‍ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) തിരൂര്‍ മണ്ഡലത്തില്‍ മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതികള്‍ ഏതൊക്കെയാണെന്ന് വിശദമാക്കുമോ ;

(ഡി) തിരൂര്‍-വെട്ടം നാളീകേര സംസ്ക്കരണ കേന്ദ്രത്തിന്റെ ബൈലാ സ്പഷ്ടീകരണത്തിനായി പഞ്ചായത്ത് ഡയറക്ടര്‍ കൃഷി വകുപ്പ് ഡയറക്ടര്‍ക്ക് നല്‍കിയത് ലഭിച്ചിട്ടുണ്ടോ; എങ്കില്‍ എന്നാണ് ലഭിച്ചത്; ഇതിന്മേല്‍ എന്തു നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കുമോ;

(ഇ) ബൈലാ അംഗീകരിച്ച് നല്‍കിയിട്ടുണ്ടോ; ഇല്ലെങ്കില്‍ നടപടി ക്രമം പൂര്‍ത്തിയാക്കി അംഗീകരിച്ച് നല്‍കാന്‍ അടിയന്തിര നടപടി സ്വീകരിക്കുമോ ;

(എഫ്) ലോകപ്രശസ്തമായ "തിരൂര്‍ വെറ്റില" കൃഷി ചെയ്യുന്ന കര്‍ഷകര്‍ക്ക്വേണ്ടി എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കിവരുന്നത്; സാമ്പത്തിക പാക്കേജ്പോലുള്ള പദ്ധതികള്‍ ആവിഷ്ക്കരിച്ച് കര്‍ഷകരെ സഹായിക്കുവാന്‍ തയ്യാറാകുമോ;

(ജി) ആര്‍.ഐ.ഡി.എഫ് വാട്ടര്‍ഷെഡ് പദ്ധതിയില്‍ ഉള്‍പ്പെടുത്തി ആതവനാട് പഞ്ചായത്തിലെ "കാവുങ്ങല്‍ തോട് നീര്‍മറി പദ്ധതി"യ്ക്കാവശ്യമായ ഫണ്ട് അനുവദിച്ച്, പദ്ധതി പ്രവൃത്തി പഥത്തിലെത്തിക്കാന്‍ നടപടി സ്വീകരിക്കുമോ;

# കേരള നിയമസഭ
## 10.04.2013–ലെ മറുപടിക്ക്

(എച്ച്) ഇതു സംബന്ധിച്ച് സോയിൽ കൺസർവേഷൻ പെരിന്തൽമണ്ണ ആഫീസർ നൽകിയ പ്രൊപ്പോസലിൽ ഇപ്പോൾ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ
# 10.04.2013-ലെ മറുപടിക്ക്

<u>നെൽകൃഷിയിൽ ഗ്രൂപ്പ് ഫാമിംഗ് പ്രോൽസാഹിപ്പിക്കുന്നതിന് പദ്ധതി</u>

3602

ശ്രീ. ഐ. സി. ബാലകൃഷ്ണൻ
,, അൻവർ സാദത്ത്
,, എ. റ്റി. ജോർജ്
,, വി. പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നെൽകൃഷിയിൽ ഗ്രൂപ്പ് ഫാമിംഗ് പ്രോൽസാഹിപ്പിക്കുന്നതിനുള്ള പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(ബി) ഏതെല്ലാം ഏജൻസികളുടെ സഹകരണത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്; വിശദമാക്കുമോ;

(സി) ഇതിനായി എന്തെല്ലാം നടപടി എടുത്തിട്ടുണ്ട്; വിശദമാക്കുമോ?

# കേരള നിയമസഭ
## 10.04.2013-ലെ മറുപടിക്ക്

<u>നെല്‍കര്‍ഷകര്‍ക്ക് അധികവരുമാനമുണ്ടാക്കുന്നതിന് പദ്ധതി</u>

3603 ശ്രീ. കെ. ശിവദാസന്‍ നായര്‍
,, എം. പി. വിന്‍സന്റ്
,, ലൂഡി ലൂയിസ്
,, എ. റ്റി. ജോര്‍ജ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് നെല്‍ക്കൃഷിക്കാര്‍ക്ക് അധിക വരുമാനം ഉണ്ടാക്കുന്നതിനുള്ള പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; എങ്കില്‍ വിശദമാക്കുമോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങള്‍ എന്തെല്ലാമാണ് ; വിശദാംശങ്ങള്‍ എന്തെല്ലാം ;

(സി) ഏതെല്ലാം ഏജന്‍സികളുടെ സഹകരണത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത് ; വിശദമാക്കുമോ ;

(ഡി) ഇതിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ ?

# കേരള നിയമസഭ
## 10.04.2013-ലെ മറുപടിക്ക്

നെൽപ്പാടങ്ങളുടെ വിസ്തൃതി

3604 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി മണ്ഡലത്തിന്റെ പരിധിയിൽ വരുന്ന കൃഷിഭവനുകൾക്കു കീഴിൽ എത്ര ഹെക്ടർ നെൽവയലുകൾ ഉണ്ടെന്നും പ്രസ്തുത പാടങ്ങളിൽ എത്ര ഹെക്ടറിൽ കൃഷി ചെയ്തു വരുന്നുണ്ടെന്നും വ്യക്തമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രസ്തുത നെൽപ്പാടങ്ങളിൽ നെല്ലുൽപ്പാദനത്തിന് എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ചുവെന്നും അവയിൽ ഏതെല്ലാം നടപ്പാക്കിയെന്നും വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 10.04.2013-ലെ മറുപടിക്ക്

<u>ഡ്രൈയിംഗ് യാർഡ് കം സീഡ് ഗോഡൗണിന്റെ നിർമ്മാണം</u>

3605 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) രാഷ്ട്രീയ കൃഷി വികാസ് യോജന (ആർ.കെ.വി.വൈ) പ്രകാരം വയനാട് ജില്ലയിൽ നിർമ്മിക്കുന്ന നെല്ലിന്റെ ഡ്രൈയിംഗ് യാർഡ് കം സീഡ് ഗോഡൗണിന്റെ നിർമ്മാണം ഏതുഘട്ടം വരെയായിയെന്നു വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി വയനാട്ടിൽ ഏതു പഞ്ചായത്തിലാണ് നടപ്പാക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതി എന്ന് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതിക്കായി വകയിരുത്തിയ തുക എത്രയെന്നും ചെലവായ തുക എത്രയെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 10.04.2013–ലെ മറുപടിക്ക്

<u>സമഗ്ര നാളികേര വികസനപദ്ധതി</u>

3606 ശ്രീ. ഹൈബി ഈഡൻ
,, എ. പി. അബ്ദുള്ളക്കുട്ടി
,, ആർ. സെൽവരാജ്
,, ഐ. സി. ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സമഗ്ര നാളികേര വികസനപദ്ധതി രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ, വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഏതെല്ലാം ഏജൻസികളുടെ സഹകരണത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

# കേരള നിയമസഭ
## 10.04.2013-ലെ മറുപടിക്ക്

<u>നാളികേര ഉല്പാദക സംഘങ്ങള്‍</u>

3607 ശ്രീ.വി. ശശി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) തെങ്ങിന്റെ ചങ്ങാതിക്കൂട്ടത്തില്‍ പരിശീലനം നേടി തൊഴിലില്‍ ഏര്‍പ്പെട്ടിരിക്കുന്ന എത്ര പേര്‍ക്ക് ഇരുചക്ര വാഹനം വാങ്ങുന്നതിന് സബ്സിഡി നല്‍കിയെന്ന് വെളിപ്പെടുത്തുമോ;

(ബി) ചെറുകിട നാമമാത്ര തെങ്ങുകര്‍ഷകരുടെ ഉല്പാദനക്ഷമത വര്‍ദ്ധിപ്പിക്കുന്നതിന് മൂല്യവര്‍ദ്ധിത ഉല്പന്നങ്ങള്‍ നിര്‍മ്മിക്കുന്നതിന് വേണ്ടി എത്ര ഗ്രാമങ്ങളില്‍ കേരകര്‍ഷകരെ ഉള്‍പ്പെടുത്തി നാളികേര ഉത്പാദക സംഘങ്ങള്‍ രൂപീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(സി) ഈ സംഘങ്ങളുടെ ആഭിമുഖ്യത്തില്‍ രൂപീകൃതമാകുമെന്ന് പ്രഖ്യാപിച്ച സംസ്ഥാനതല ഫെഡറേഷന്‍ രൂപീകരിക്കപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കില്‍ ഈ ഫെഡറേഷന്റെ പ്രവര്‍ത്തനങ്ങളെ സംബന്ധിച്ച് വിശദാംശം വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 10.04.2013-ലെ മറുപടിക്ക്

<u>തെങ്ങുകൃഷി വ്യാപനം</u>

3608 ശ്രീ. റ്റി. എ. അഹമ്മദ് കബീര്‍
,, എം. പി. അബ്ദുസ്സമദ് സമദാനി
,, വി. എം. ഉമ്മര്‍ മാസ്റ്റര്‍
,, എന്‍. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കഴിഞ്ഞ കുറെ വര്‍ഷങ്ങളായി കേരളത്തില്‍ പരമ്പരാഗത രീതിയിലെ തെങ്ങുകൃഷിയും തെങ്ങ് കൃഷി ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തൃതിയും കുറഞ്ഞു വരികയാണെന്ന കാര്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) എങ്കില്‍ അതിന്റെ കാരണം വിശകലനം ചെയ്തിട്ടുണ്ടോ; വിശദവിവരം നല്‍കാമോ;

(സി) തെങ്ങുകൃഷിയിലെ കുറവും, പാളിച്ചകളും സംസ്ഥാനത്തിന്റെ സാമ്പത്തിക പാരിസ്ഥിതിക മേഖലയ്ക്കുണ്ടാക്കുന്ന ആഘാതത്തെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ; എങ്കില്‍ വിശദമാക്കുമോ;

(ഡി) ഇക്കാര്യത്തില്‍ വിദഗ്ദരുടെ അഭിപ്രായ രൂപീകരണം നടത്തി പുനരുദ്ധാരണപ്രവര്‍ത്തനങ്ങള്‍ അടിയന്തരമായി നടപ്പാക്കുമോ?

# കേരള നിയമസഭ
# 10.04.2013-ലെ മറുപടിക്ക്

## പച്ചത്തേങ്ങ സംഭരണം

3609 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ എത്ര കൃഷിഭവനുകളിൽ പച്ചത്തേങ്ങ സംഭരണം നടപ്പിലാക്കിയിട്ടുണ്ടെന്നു വ്യക്തമാക്കുമോ;

(ബി) ഇതുവരെ എത്ര ടൺ ശേഖരിച്ചുവെന്നു വ്യക്തമാക്കുമോ;

(സി) ശേഖരിച്ച തേങ്ങയുടെ വില മുഴുവൻ കർഷകർക്കു നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ, ഇനി എത്ര തുക കൂടി കൊടുത്തുതീർക്കുവാനുണ്ടെന്നു വ്യക്തമാക്കുമോ;

(ഡി) പാലക്കാട് ജില്ലയിൽ കേരകൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിന് 2012-13 സാമ്പത്തികവർഷം എത്ര തുക അനുവദിച്ചുവെന്നും, എത്ര തുക ചെലവഴിച്ചുവെന്നും എത്ര കർഷകർക്ക് ഇതിന്റെ ഗുണം ലഭ്യമായിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 10.04.2013-ലെ മറുപടിക്ക്

<u>കൊപ്ര സംഭരണത്തിന് ഇൻസന്റീവ്</u>

3610 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊപ്ര സംഭരണത്തിന് 2012 സീസണിൽ സഹകരണ സംഘങ്ങൾക്ക് ക്വിന്റലിന് 500/- രൂപ വീതം ഇൻസന്റീവ് അനുവദിച്ചിരുന്നുവോ;

(ബി) കൃഷിക്കാരിൽ നിന്നും പച്ചത്തേങ്ങ സംഭരിച്ച് കൊപ്ര യാക്കി നൽകുന്ന സംഘങ്ങൾക്കും ഈ ഇൻസന്റീവ് അനുവദിച്ചിട്ടുണ്ടോ;

(സി) കാസർകോട് ജില്ലയിലെ മലനാട് റബ്ബർ ആന്റ് അദർ അഗ്രികൾച്ചറൽ മാർക്കറ്റിംങ് സഹകരണസംഘം എത്ര മെട്രിക് ടൺ കൊപ്രയാണ് സംഭരിച്ച് നൽകിയത്;

(ഡി) ഈ ഇനത്തിൽ സംഘത്തിന് എത്ര രൂപയാണ് ഇൻസന്റീവ് നൽകേണ്ടത്;

(ഇ) പ്രസ്തുത തുക സംഘത്തിന് നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് അറിയിക്കാമോ;

(എഫ്) ഇൻസന്റീവ് സംഘത്തിന് ലഭ്യമാക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 10.04.2013–ലെ മറുപടിക്ക്

നീര ഉത്പാദനം

3611 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2005–06 വർഷത്തിൽ നീര ഉത്പാദിപ്പിക്കുന്നതിന് പരീക്ഷണാടിസ്ഥാനത്തിൽ ഏതൊക്കെ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിരുന്നുവെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത വർഷത്തിൽ അനുമതി ലഭിച്ചിരുന്ന പേരാമ്പ്ര സുഭിക്ഷ, ആറളം ഫാം എന്നിവയെ ഇപ്പോൾ പ്രഖ്യാപിച്ചിട്ടുള്ള നീര ഉത്പാദക കേന്ദ്രങ്ങളാക്കി അംഗീകരിക്കുമോ എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 10.04.2013-ലെ മറുപടിക്ക്

<u>നീര ഉല്പാദനം</u>

3612 ശ്രീ. എ. കെ. ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തെങ്ങിൽ നിന്നും നീര ഉത്പാദിപ്പിക്കുന്നതിനുള്ള സാങ്കേതിക വിദ്യ പുറത്തിറക്കിയിട്ടുണ്ടോ;

(ബി) ഏതൊക്കെ ജില്ലകളിലാണ് നീര ഉത്പാദന കേന്ദ്രങ്ങൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) കർഷകരുടെ ഉടമസ്ഥതയിലുള്ള തെങ്ങുകളിൽ നിന്നും നീര ചെത്തിയെടുക്കാൻ അനുവാദം നൽകുമോ ;

(ഡി) പുളിപ്പിയ്ക്കാത്ത കള്ളിനെ അബ്കാരി പരിധിയിൽ നിന്ന് ഒഴിവാക്കി അബ്കാരി നിയമത്തിൽ ആവശ്യമായ ഭേദഗതി വരുത്താൻ തയ്യാറാകുമോ ?

# കേരള നിയമസഭ
# 10.04.2013-ലെ മറുപടിക്ക്

<u>കശുമാവ് കൃഷി</u>

3613 ശ്രീ. ഇ. പി. ജയരാജൻ
'' പി. കെ. ഗുരുദാസൻ
'' കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
'' ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കശുവണ്ടി ഉൽപാദനത്തിന്റെ പേരിൽ കശുമാവ് വച്ചു പിടിപ്പിക്കുന്ന ഭൂമിയെ ഭൂപരിഷ്കരണ നിയമത്തിന്റെ ഉയർന്ന പരിധി സംബന്ധിച്ച വ്യവസ്ഥകളിൽ നിന്നും ഒഴിവാക്കിയിട്ടുള്ളത് അറിയാമോ;

(ബി) ഇത്തരത്തിൽ പരിധിയിൽ നിന്നും ഒഴിവാക്കപ്പെട്ട എത്ര പേർ എത്ര ഹെക്ടർ സ്ഥലത്ത് പുതുതായി കശുമാവ് വെച്ച് പിടിപ്പിക്കുകയുണ്ടായിട്ടുണ്ടെന്ന് അറിയാമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) സംസ്ഥാനത്തിപ്പോൾ കശുവണ്ടി ഉൽപാദനം എത്രയാണെന്നും അടുത്ത അഞ്ചു വർഷത്തെ ലക്ഷ്യം എത്രയാണെന്നും വെളിപ്പെടുത്താമോ;

(ഡി) കശുമാവ് കൃഷി വികസിപ്പിക്കാനുള്ള സർക്കാർ നിയന്ത്രണത്തിലുള്ള സംരംഭങ്ങളും അതിനാവശ്യമായുള്ള ഭൂമിയും സംബന്ധിച്ച് വിശദമാക്കാമോ; പ്രസ്തുത ഭൂമിയുടെ എത്ര ശതമാനം ഇനിയും പ്രയോജനപ്പെടുത്താൻ ബാക്കിയുണ്ട്; വിശദമാക്കാമോ?

# കേരള നിയമസഭ
# 10.04.2013–ലെ മറുപടിക്ക്

<u>ജൈവ കാർഷിക ഔഷധ കേന്ദ്രങ്ങൾ</u>

3614 ശ്രീ. സി. പി. മുഹമ്മദ്
,, ബെന്നി ബെഹനാൻ
,, ഡൊമിനിക് പ്രസന്റേഷൻ
,, വി. ഡി. സതീശൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജൈവ കാർഷികഔഷധ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഏതെല്ലാം ഏജൻസികളുടെ സഹകരണത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ;

# കേരള നിയമസഭ
## 10.04.2013-ലെ മറുപടിക്ക്

<u>വീടുകളിലെ പച്ചക്കറി കൃഷി</u>

3615 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും**
**സ്റ്റേഷനറിയും** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വീടുകളിൽ ആവശ്യമായ പച്ചക്കറികൾ വീടുകളിൽത്തന്നെ കൃഷി ചെയ്യുന്നത് പ്രോത്സാഹിപ്പിക്കുവാൻ എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളതെന്ന് വിശദമാക്കുമോ;

(ബി) ഇത്തരത്തിൽ കൃഷി നടത്തുന്നതിന് എന്തെങ്കിലും സാമ്പത്തിക സഹായമോ സബ്സിഡിയോ നല്കുന്നുണ്ടോ;

(സി) മട്ടുപ്പാവിലെ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ?

# കേരള നിയമസഭ
# 10.04.2013-ലെ മറുപടിക്ക്

<u>വി.എഫ്.പി.സി.കെ യുടെ വിപണന കേന്ദ്രങ്ങൾ</u>

3616

ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര നിയോജക മണ്ഡലത്തിന്റെ പരിധിയിൽ വരുന്ന പഞ്ചായത്തുകളിൽ വി.എഫ്.പി.സി.കെ യുടെ എത്ര വിപണന കേന്ദ്രങ്ങൾ ഉണ്ടെന്നും അവ ഏതെല്ലാമാണെന്നും വിശദമാക്കുമോ;

(ബി) പ്രസ്തുത വിപണന കേന്ദ്രങ്ങളുടെ പ്രതിവർഷ വിറ്റുവരവു കണക്ക് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത വിപണന കേന്ദ്രങ്ങളിൽ സ്വന്തമായി കെട്ടിടമില്ലാത്ത കേന്ദ്രങ്ങളുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 10.04.2013-ലെ മറുപടിക്ക്

<u>ജൈവകൃഷിയും ഗ്രീൻഹൗസ് കൃഷിയും</u>

3617 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജൈവകൃഷിയും ഗ്രീൻഹൗസ് കൃഷിയും പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളതെന്ന് വിശദമാക്കുമോ;

(ബി) ഇവയ്ക്ക് നൽകുന്ന ആനുകൂല്യങ്ങളും സബ്സിഡികളും എത്രയൊക്കെയാണെന്ന് അറിയിക്കുമോ ?

# കേരള നിയമസഭ
## 10.04.2013-ലെ മറുപടിക്ക്

<u>ജൈവ വൈപ്പിൻ പാക്കേജ്</u>

3618 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊക്കാളി-മത്സ്യകൃഷിയുടെ സമഗ്രവികസനത്തിനായി വൈപ്പിൻ മണ്ഡലത്തിൽ നിന്നും ഈ രംഗത്തെ വിദഗ്ധരും കർഷകരും ശാസ്ത്രജ്ഞരും ഉൾപ്പെട്ട സമിതി തയ്യാറാക്കിയ ജൈവ വൈപ്പിൻ എന്ന പാക്കേജ് സർക്കാരിന്റെ മുമ്പാകെ സമർപ്പിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഈ പദ്ധതിക്ക് ധനസഹായം അനുവദിക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചു; വിശദീകരിക്കാമോ;

(സി) പ്രസ്തുത പദ്ധതിയുടെ പരിപൂർണ്ണമായ നടത്തിപ്പിന് എന്തെല്ലാം കാര്യങ്ങൾ ചെയ്യുവാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 10.04.2013-ലെ മറുപടിക്ക്

## കൃഷി വകുപ്പിലെ ക്ലാർക്ക് തസ്തികകൾ

3619 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പിൽ എൽ.ഡി.ക്ലാർക്ക്, യു.ഡി.ക്ലാർക്ക് അനുപാതം 1:1 എന്ന തത്വം പാലിച്ചിട്ടുണ്ടോ; പാലിച്ചിട്ടില്ലായെങ്കിൽ അത് പാലിക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) നിലവിൽ കൃഷി വകുപ്പിൽ എത്ര എൽ.ഡി.ക്ലാർക്ക്, യു.ഡി.ക്ലാർക്ക് തസ്തികയുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) 25.11.2010 ലെ ജി.ഒ(പി) 629/10/ഫിൻ നമ്പർ ഉത്തരവ് നടപ്പാക്കാൻ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ?

# കേരള നിയമസഭ
## 10.04.2013–ലെ മറുപടിക്ക്

<u>കൃഷിവകുപ്പിലെ താൽക്കാലിക തസ്തികകൾ</u>

3620 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2011 ജൂൺ 1 മുതൽ 2013 മാർച്ച് 31 വരെ കൃഷി വകുപ്പിന്റെ കീഴിലുള്ള വിവിധ സ്ഥാപനങ്ങളായ ഹോർട്ടികൾച്ചർ മിഷൻ, ഹോർട്ടി കോർപ്പ്, കെ.എൽ.സി.സി, കെപ്കോ, കാംകോ, കേരഫെഡ്, വെയർഹൗസിംഗ് കോർപ്പറേഷൻ എന്നിവയിൽ എത്ര താല്കാലിക ജീവനക്കാരെ നിയമിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) സ്ഥാപനങ്ങൾ തിരിച്ചുള്ള ഇവരുടെ കണക്കുകൾ ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 10.04.2013-ലെ മറുപടിക്ക്

<u>മൃഗസംരക്ഷണ മേഖലയുടെ അഭിവൃദ്ധിക്കായി പദ്ധതികൾ</u>

3621 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012-2013-ലെ കേന്ദ്രബഡ്ജറ്റ് സംസ്ഥാനത്തെ മൃഗസംരക്ഷണമേഖലയുടെ അഭിവൃദ്ധിക്കായി രൂപം നൽകിയിരുന്ന വിവിധ പദ്ധതികൾ ഏതൊക്കെ; വിശദാംശം അറിയിക്കാമോ;

(ബി) ഏതെല്ലാം പദ്ധതികൾ ഉൾപ്പെടുത്താനാണ് സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടിരുന്നത്; വിശദാംശം അറിയിക്കാമോ?

# കേരള നിയമസഭ
# 10.04.2013-ലെ മറുപടിക്ക്

<u>വനിതകൾക്കായി സ്വയം സഹായ സംഘങ്ങൾ</u>

3622 ശ്രീ. വർക്കല കഹാർ
,, വി. റ്റി. ബൽറാം
,, എ. പി. അബ്ദുളളക്കുട്ടി
,, ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മൃഗസംരക്ഷണ വകുപ്പിന്റെ നേതൃത്വത്തിൽ വനിതകൾക്കായി സ്വയം സഹായസംഘങ്ങൾ ആരംഭിക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം;

(സി) ഏതെല്ലാം ഏജൻസികളുടെ സഹകരണത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 10.04.2013-ലെ മറുപടിക്ക്

<u>ഡയറി ഫാമുകൾ</u>

3623

ശ്രീ. എം. എ. വാഹീദ്
,, വി. ഡി. സതീശൻ
,, റ്റി. എൻ. പ്രതാപൻ
,, ബെന്നി ബെഹനാൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകളുമായി സഹകരിച്ച് ഡയറി ഫാമുകൾ സ്ഥാപിക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം;

(സി) ഏതെല്ലാം ഏജൻസികളുടെ സഹകരണത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 10.04.2013–ലെ മറുപടിക്ക്

<u>സബ്സിഡി നിരക്കിൽ പശുക്കളെ ലഭ്യമാക്കുന്നതിനു പദ്ധതി</u>

3624 ശ്രീ. എ. എ. അസീസ്

താഴെ കാണുന്ന ചോദ്യത്തിന്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

നല്ലയിനം പശുക്കളെ ക്ഷീരകർഷകർക്കു സബ്സിഡി നിരക്കിൽ ലഭ്യമാക്കുന്നതിനുള്ള പദ്ധതികൾ നിലവിലുണ്ടോയെന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 10.04.2013-ലെ മറുപടിക്ക്

<u>ആട് ഫാം</u>

3625 ശ്രീ. പി. ഉബൈദുള്ള
,, പി. ബി. അബ്ദുൾ റസാക്
,, കെ. എം. ഷാജി
,, പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആടുവളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം സഹായങ്ങളാണു നൽകുന്നതെന്നു വിശദമാക്കുമോ;

(ബി) പാലിനും മാംസത്തിനും ഉപയുക്തമായ ഇനങ്ങളുടെ വ്യാപനത്തിന് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ എന്തെല്ലാമെന്നു വ്യക്തമാക്കുമോ;

(സി) നല്ലയിനം ആട്ടിൻകുട്ടികളെ കുറഞ്ഞവിലയ്ക്ക് നാമമാത്ര-ചെറുകിട കർഷകർക്കു ലഭ്യമാക്കാൻ എന്തെല്ലാം സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്;

(ഡി) ആട് ഫാം തുടങ്ങുന്നതിന് എന്തെല്ലാം സഹായങ്ങൾ ലഭ്യമാണെന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 10.04.2013-ലെ മറുപടിക്ക്

പൗൾട്രി മേഖലയിലെ പ്രതിസന്ധി

3626 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ പൗൾട്രി മേഖലയിലെ പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്ത് നടപടി സ്വീകരിച്ചിട്ടുണ്ട്;

(ബി) കോഴികൃഷി വികസനത്തിന് എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കി വരുന്നു; വിശദമാക്കാമോ?

## കേരള നിയമസഭ
## 10.04.2013-ലെ മറുപടിക്ക്

താല്ക്കാലിക ജീവനക്കാരുടെ നിയമനം

3627 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2011 ജൂൺ മുതൽ 2013 മാർച്ച് വരെ കേരളാ പൗൾട്രി ഡവലപ്മെന്റ് കോർപ്പറേഷൻ, കേരളാ ഫീഡ്സ്, മീറ്റ് പ്രൊഡക്റ്റ്സ് ഓഫ് ഇന്ത്യ എന്നീ സ്ഥാപനങ്ങളിൽ എത്ര താല്ക്കാലിക ജീവനക്കാരെ നിയമിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ;

(ബി) എങ്കിൽ സ്ഥാപനങ്ങൾ തിരിച്ചിട്ടുളള കണക്കുകൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 10.04.2013-ലെ മറുപടിക്ക്

<u>മൃഗസംരക്ഷണ ജന്തു ശാസ്ത്ര സർവ്വകലാശാലയിലെ നിയമനം</u>

3628 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതുതായി ആരംഭിച്ച മൃഗസംരക്ഷണ ജന്തു ശാസ്ത്ര സർവ്വകലാശാലയിൽ എത്ര അദ്ധ്യാപക/അദ്ധ്യാപകേതര ജീവനക്കാരുടെ തസ്തികകളാണ് നിലവിലുളളത്; ആയതിൽ എത്ര പേർ നിലവിൽ ജോലി ചെയ്തു വരുന്നു; വിശദമാക്കുമോ;

(ബി) എത്ര തസ്തികകളാണ് ഒഴിഞ്ഞു കിടക്കുന്നത്; ഒഴിവുളള തസ്തികകളിൽ നിയമനം നടത്തുന്നതിനുളള തടസ്സമെന്താണ്; പ്രസ്തുത തസ്തികകളിലേക്ക് നിയമനം നടത്തുന്നതിനു നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 10.04.2013-ലെ മറുപടിക്ക്

<u>പ്രസ്സുകളുടെ നവീകരണം</u>

3629 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, ഡൊമിനിക് പ്രസന്റേഷൻ
,, ജോസഫ് വാഴക്കൻ
,, കെ. മുരളീധരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും**
**അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് പ്രസ്സുകളുടെ നവീകരണത്തിനും കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ബി) ആധുനിക മെഷീനുകൾ പ്രസ്സുകളിൽ സ്ഥാപിക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പ്രസ്സുകളിലെ അടിസ്ഥാന സൗകര്യ വികസനങ്ങൾക്ക് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ?

# കേരള നിയമസഭ
# 10.04.2013-ലെ മറുപടിക്ക്

<u>വയനാട് സർക്കാർ പ്രസ്സിലെ നിയമനങ്ങളുടെ വിശദാംശം</u>

3630 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വയനാട് സർക്കാർ പ്രസ്സിലെ ഒഴിഞ്ഞുകിടക്കുന്ന രണ്ടാം ഗ്രേഡ് ഡി.ടി.പി ഓപ്പറേറ്റർ തസ്തിക നികത്തണമെന്നാവശ്യപ്പെട്ടും പ്രസ്തുത പ്രസ്സിൽ നിന്നും കണ്ണൂർ സർക്കാർ പ്രസ്സിലേയ്ക്ക് ഷിഫ്റ്റ് ചെയ്തുകൊണ്ടുപോയ സീനിയർ ഗ്രേഡ് കമ്പോസിറ്റർ തസ്തിക തിരികെ കൊണ്ടുവരണമെന്നാവശ്യപ്പെട്ടുമുള്ള നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത നിവേദനത്തിന്റെ വിശദാംശങ്ങളും ആയതിന്മേൽ സ്വീകരിച്ച നടപടികളും വ്യക്തമാക്കുമോ?